ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ

40 [3418] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ വിവിധ വകുപ്പുകളിൽ ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകളുണ്ട്;

(ബി) താല്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ പ്രസ്തുത തസ്തികയിൽ നിലവിലുണ്ടോ;

(സി) ഒഴിവുള്ള തസ്തികകളിൽ പി. എസ്. സി. ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ എച്ച്. എസ്. എ. (കണക്ക്) റാങ്ക് ലിസ്റ്റ്

41 [3419] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ എച്ച്. എസ്. എ. കണക്കിന്റെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണ്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു, നിലവിൽ എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രയാണ്; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 25-1-2002-ൽ നിലവിൽ വന്നു.

(ബി) 47 ഒഴിവുകൾ ഉണ്ടായിരുന്നു. 47 പേർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തു. രണ്ട് പേർ ജോലിയിൽ പ്രവേശിച്ചില്ല. നിലവിൽ ആർക്കും അഡ്വൈസ് മെമ്മോ അയച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly